# INDIAN SCHOOL AL WADI AL KABIR

| CLASS: VII | DEPARTMENT: MALAYALAM | DATE: 03-06-2021 |
|---|---|---|
| Class Note | Lesson: 1 | Topic: എന്റെ ഭാഷ |

**പുതിയ പദങ്ങൾ**

| | | |
|---|---|---|
| മിണ്ടിത്തുടങ്ങാൻ | അമൃത് | വക്ത്രം |
| പിഞ്ചിളം | വേദം | ഹൃദ്യം |
| രണ്ടക്ഷരം | ശാസ്ത്രം | ശീകരം |
| ധാത്രിമാർ | കാവ്യം | ചിത്തതാര് |
| പെറ്റമ്മ | ഹൃത്ത് | അന്യബിന്ദുക്കൾ |
| വാത്സല്യദുഗ്ധം | സ്വഭാഷ | ബഹിർഭാഗം |
| പൈതങ്ങൾ | തൂമുത്തുകൾ | വള്ളത്തോൾ |

**അർഥം എഴുതുക**

ധാത്രി = വളർത്തമ്മ

മർത്ത്യൻ = മനുഷ്യൻ

ദുഗ്ധം = പാൽ

ഹൃത്ത് = ഹൃദയം

ശീകരം = ചെറിയ ജലത്തുള്ളി

സമ്മേളിക്കുക = ഒന്നിച്ചു ചേരുക

ഹൃദ്യം = മനോഹരം

വക്ത്രം = മുഖം

ചിത്തം = മനസ്സ്

**<u>വിപരീതപദം എഴുതുക</u>**

സ്വഭാഷ X അന്യഭാഷ

ബഹിർഭാഗം X അന്തർഭാഗം

ശ്രമം X വിശ്രമം

പൂർണ്ണം X അപൂർണ്ണം

**<u>പര്യായപദം എഴുതുക</u>**

അമ്മ = മാതാവ് , ജനനി

മർത്ത്യൻ = മനുഷ്യൻ , മാനവൻ

പാൽ = ദുഗ്ധം , ക്ഷീരം

മുഖം = ആനനം , വദനം

മനസ്സ് = ചിത്തം , മാനസം

അമൃത് = പീയൂഷം , സുധ

കുഞ്ഞ് = ശിശു , അർഭകൻ

വേദം = മറ , നിഗമം

**<u>ചേർത്തെഴുതുക</u>/ <u>പിരിച്ചെഴുതുക</u>**

മിണ്ടിത്തുടങ്ങാൻ = മിണ്ടി + തുടങ്ങാൻ

അമ്മയെന്നുള്ള = അമ്മ + എന്നുള്ള

രണ്ടക്ഷരം = രണ്ട് + അക്ഷരം

പിഞ്ചിളം = പിഞ്ച് + ഇളം

ശീകരമോരോന്ന് = ശീകരം+ ഓരോന്ന്

വേദവുമേതൊരു = വേദവും + ഏതൊരു

ശാസ്ത്രവുമേതൊരു = ശാസ്ത്രവും. ഏതൊരു

## വിഗ്രഹിക്കുക

ചിത്തതാര്= ചിത്തമാകുന്ന താര്

ഉൾത്തേൻ = ഉള്ളിലെ തേൻ

വാത്സല്യദുഗ്ധം = വാത്സല്യമാകുന്ന ദുഗ്ധം

സ്വഭാഷ = സ്വന്തം ഭാഷ

പൂർണ്ണവളർച്ച = പൂർണ്ണമായ വളർച്ച

## ഉത്തരം എഴുതുക

1) 'എന്റെ ഭാഷ' എന്ന കവിത എഴുതിയതാര് ?

'എന്റെ ഭാഷ' എന്ന കവിത എഴുതിയത് വള്ളത്തോൾ നാരായണമേനോനാണ്.

2) മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം ചുണ്ടിൽ എന്തൊക്കെയാണ് സമ്മേളിക്കുന്നത് ?

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം ചുണ്ടിൽ അമ്മിഞ്ഞപ്പാലോടൊപ്പം അമ്മയെന്നുള്ള രണ്ടക്ഷരമാണ് സമ്മേളിക്കുന്നത്.

3) ഏതു കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് 'എന്റെ ഭാഷ' എന്ന കവിത ?

'എന്റെ ഭാഷ' എന്ന കവിത "സാഹിത്യമഞ്ജരി" എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്.

4) മറ്റുള്ള ഭാഷകളെ കവി എന്തായിട്ടാണ് സങ്കൽപ്പിക്കുന്നത് ?

മറ്റുള്ള ഭാഷകളെ കേവലം ധാത്രിമാരായിട്ടാണ് കവി സങ്കൽപ്പിക്കുന്നത് .

5) പൈതങ്ങൾ പൂർണ്ണ വളർച്ച നേടണമെങ്കിൽ എന്തു നുകരണമെന്നാണ് കവി പറയുന്നത് ?

പൈതങ്ങൾ പൂർണ്ണ വളർച്ച നേടണമെങ്കിൽ മാതാവിന്റെ വാത്സല്യദുഗ്ധം നുകരണമെന്നാണ് കവി പറയുന്നത് .

***